<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3798</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച് കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലാ സ്റ്റേഡിയമായ ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 13.02.2017 ലെ സർക്കാർ ഉത്തരവ്(സാധാ) നം. 33/2017/ കാ.യു.വ പ്രകാരം 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കായിക വകുപ്പിന് വിട്ടുനൽകിയ കോഴിക്കോട് ചേവായൂരിലെ ലെപ്രസി ആശുപത്രിയുടെ 5 ഏക്കർ ഭൂമിയിലാണ് പദ്ധതി നിശ്ചയിച്ചിരുന്നത്. എന്നാൽ, ആരോഗ്യ വകുപ്പിന്റെ പുതിയ പദ്ധതിക്കായി ഭൂമി തിരിച്ചെടുത്തതിനാൽ പദ്ധതിയ്ക്കായി മറ്റൊരു ഭൂമി കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചു. പ്രസ്തുത പദ്ധതി കോഴിക്കോട് ആർട്സ് & സയൻസ് കോളേജിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും എന്നാൽ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആർട്സ് & സയൻസ് കോളേജിൽ നിന്നും മാറ്റി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്രയുടെ ഭൂമിയിൽ ഒരു സ്പോർട്സ് സ്റ്റേഡിയം കം സ്പോർട്സ് ഇൻഡസ്ട്രിയൽ കോംപ്ലക്സ് നിർമ്മിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ